പീരുമേട്ടിലെ ഹരിജൻ ഹോസ്റ്റൽ.

* 310. [84] ശ്രീ. പി. എം. മാക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ വിദ്യാർത്ഥികളുടെ സംരക്ഷണത്തിനായി പീരുമേട്ടിൽ രത്നരാജിന്റെ നേതൃത്വത്തിൽ ഒരു ഹോസ്റ്റൽ നടത്തിവരുന്നുണ്ടോ ;

(ബി) ടി ഹോസ്റ്റലിന്റെ നടത്തിപ്പിനുവേണ്ടി 1954-55-ൽ വല്ല നിവേദനവും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ടി നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാം ;

(ഡി) ടി ഹോസ്റ്റലിന്റെ നടത്തിപ്പിനു ഇതിനകം വല്ല സഹായവും ചെയ്തുകൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ; ഇല്ലെങ്കിൽ കാരണമെന്താണ് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) പീരുമേട് താലൂക്കിൽ ഹരിജൻ വിദ്യാർത്ഥികളുടെ സംരക്ഷണത്തിനായി രത്നരാജിന്റെ നേതൃത്വത്തിൽ ഒരു ഹോസ്റ്റൽ നടത്തിവരുന്നുണ്ട് ;

(ബി) നിവേദനം കിട്ടിയിട്ടുണ്ട് ;

(സി) കുട്ടികളുടെ ഉച്ചഭക്ഷണത്തിനും ഹോസ്റ്റലിലേയ്ക്കു സാമാനങ്ങൾ വാങ്ങിക്കുന്നതിനും ജോലിക്കാർക്ക് ശമ്പളം കൊടുക്കുന്നതിനുമായി ഗ്രാന്റ് ആവശ്യപ്പെട്ടിട്ടുണ്ട് ;

(ഡി) സഹായങ്ങളൊന്നും ചെയ്തുകൊടുത്തിട്ടില്ല. അപേക്ഷ ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

താലൂക്ക് പുനർവിഭജന റിപ്പോർട്ട്.

* 311. [86] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് പുനർവിഭജനക്കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെന്റിലേക്ക് സമർപ്പിച്ചുകഴിഞ്ഞുവോ ;

(ബി) ഉണ്ടെങ്കിൽ പുതിയതായി രൂപീകരിക്കുവാൻ കമ്മിറ്റി ശുപാർശചെയ്തിട്ടുള്ള താലൂക്കുകൾ ഏതെല്ലാം ;

(സി) ചങ്ങനാശ്ശേരി താലൂക്കിന്റെ കിഴക്കൻ പ്രദേശം ചേർത്തു പൊൻകുന്നം എന്നൊരു പുതിയ താലൂക്ക് സൃഷ്ടിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ കേന്ദ്രം പൊൻകുന്നത്തുതന്നെ സ്ഥാപിക്കുവാൻ വേണ്ട നടപടി എടുക്കുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) (എ)യ്ക്കു നൽകിയ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി) താമൂക്കുകളുടേയും വില്ലേജുകളുടേയും പുനർവിഭജനത്തിലേക്കായി നിയുക്തമായിട്ടുള്ള കമ്മിറ്റിയാണ് ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കേണ്ടത്.

പഞ്ചായത്ത് മെമ്പറന്മാരുടെ ഭരണകാലാവധി.

* 312 [87] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പഞ്ചായത്ത് മെമ്പറന്മാരുടെ ഭരണകാലാവധി എന്നുവരെയാണ്;

(ബി) അടുത്ത പഞ്ചായത്ത് തിരഞ്ഞെടുപ്പിനുമുമ്പായി പഞ്ചായത്തുകളുടെയും വാർഡുകളുടേയും അതിർത്തികൾ ഭേദപ്പെടുത്തുവാൻ താമസമെന്നു് ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇപ്പോഴുള്ള പഞ്ചായത്ത് മെമ്പറന്മാരുടെ ഭരണകാലാവധി 1956 ആഗസ്റ്റ് 15-നു- വരെയാണ്.

(ബി) പൊതുവേ പഞ്ചായത്തുകളുടേയും വാർഡുകളുടേയും അതിർത്തികൾ ഭേദപ്പെടുത്തുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

Building materials and monetary grants under the Settlement Scheme.

* 313 [88] SHRI V. V. SEBASTIAN: Will the Minister for Local Self Government be pleased to state:

(*a*) how many homeless persons have been given building materials and monetary grants under the Settlement scheme during 1953-54 and 1954-55;

(*b*) have the Panchayats in the State been asked to furnish a list of deserving persons owning less than ten cents of land but without homes for the purpose of giving such building grant;

(*c*) when was such requisition made;

(*d*) have the Panchayats furnished the lists called for;

(*e*) has any such grant been given since then and if so, to how many persons in each of the Panchayats?

Minister for Local Self Government: (SHRI K. KOCHUKUTTAN:)

(*a*) 1953-54 .... 100 persons
1954-55 .... 14 ,,

LIBRARY ARCHIVES Kerala Legislative Assembly